ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ

142 (T7111) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമീണ വായനശാലകൾക്ക് നൽകുന്ന പ്രവർത്തന ഫണ്ട് എപ്രകാരമാണ് ;

(സി) ഗ്രാമീണ വായനശാലകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ രൂപീകരിക്കുമോ ;

(ഡി) അൻപത് വർഷം പൂർത്തിയാക്കിയതും സ്വന്തമായി കെട്ടിടമുള്ളതുമായ വായനശാലകൾക്ക് കെട്ടിട നികുതിയിലും വൈദ്യുതി നിരക്കിലും ഇളവുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ;

(ഇ) സ്വന്തമായി കെട്ടിടമുള്ള ഗ്രാമീണ വായനശാലകളുടെ കെട്ടിട പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലൈബ്രറികളെ എ മുതൽ എഫ് വരെയുള്ള ഗ്രേഡുകളായി തിരിച്ച് ചുവടെ പറയും പ്രകാരം വാർഷിക ഗ്രാന്റ് അനുവദിക്കുന്നു.

എ ഗ്രേഡ് ലൈബ്രറി	-	20,000
ബി ഗ്രേഡ് ലൈബ്രറി	-	15,000
സി ഗ്രേഡ് ലൈബ്രറി	-	12,000
ഡി ഗ്രേഡ് ലൈബ്രറി	-	10,000
ഇ ഗ്രേഡ് ലൈബ്രറി	-	8,500
എഫ് ഗ്രേഡ് ലൈബ്രറി	-	7,500

കുറഞ്ഞത് ആറ് പരിപാടികൾ സംഘടിപ്പിക്കുന്ന ഗ്രന്ഥശാലകൾക്ക് പ്രവർത്തന ഗ്രാന്റ് നൽകുന്നുണ്ട്. കെട്ടിട ഗ്രാന്റ് പെർഫോർമൻസ് ഗ്രാന്റ് എന്നിവയും വിവിധ വികസന പദ്ധതികൾക്കും ധനസഹായം നൽകുന്നു.

(സി) നാലുതലങ്ങളിലായാണ് സംസ്ഥാനത്തെ ഗ്രന്ഥശാലാ മേഖല പ്രവർത്തിക്കുന്നത്. (1) ഗ്രന്ഥശാലാതലം. (2) താലൂക്ക് ലൈബ്രറി കൗൺസിൽ (താലൂക്ക് തലം) (3) ജില്ലാ ലൈബ്രറി കൗൺസിൽ (ജില്ലാതലം) (4) സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ (സംസ്ഥാനതലം) എന്നിങ്ങനെയാണ് നാലുതലങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിനയ്ക്കുള്ള ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗ്രന്ഥശാലാ തലത്തിൽ ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ്, പെർഫോർമൻസ് ഗ്രാന്റ്, ലൈബ്രേറിയൻമാർക്കുള്ള അലവൻസ്, കെട്ടിട ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് തുടങ്ങിയവ നൽകുന്നു. ഇതിനുപുറമെ ലൈബ്രറി കൗൺസിൽ വിഭാവന ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും ഗ്രന്ഥശാലാ തലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ഗ്രന്ഥശാലകളെ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 2 വർഷമായി കൂടുതൽ ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള പദ്ധതി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന്റെ സാദ്ധ്യതകൾ ഗ്രാമീണ തലത്തിൽ ലഭ്യമാക്കുവാനും ആഗോള വിജ്ഞാന വിനിമയ ശൃംഖലയുടെ ഭാഗമാക്കുവാനും ആയിരം ഗ്രാമീണ ഗ്രന്ഥശാലകളെ ഘട്ടംഘട്ടമായി ഇന്റർനെറ്റ് സൗകര്യത്തോടെ നവീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിനുതകുന്ന സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമീണതലത്തിലെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ മാറ്റുവാൻ കഴിയും. ജനകീയ ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും മുഖ്യകേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ വികസന പദ്ധതികൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

സമഗ്രദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതി

143 (7112) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവന്യജീവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം മേഖലകളാണ് ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?